**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3900 19.03 .2018 -ലെ മറുപടിയ്ക്ക്

**കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അറബിക് കോഴ്സ്**

*ചോദ്യം*

ഡോ.എം. കെ. മുനീർ

*ഉത്തരം*

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 02.03.2016- ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അറബിക് കോഴ്സ് ആരംഭിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | മന്ത്രിസഭാ യോഗത്തിന്റെ 02.03.2016-ലെ ഇനം നമ്പർ 8693 ആയി കോഴിക്കോട് മീൻചന്ത ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ.അറബിക്, പൊളിറ്റിക്കൽ സയൻസ് എന്നിവആരംഭിക്കുന്നതിന് തീരുമാനിച്ചെങ്കിലും, ഈ പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ അനുമതിയോടെയോ, അധിക സാമ്പത്തിക ബാദ്ധ്യ തിട്ടപ്പെടുത്തുകയോ ചെയ്യാതെയും കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നീഡ് അനാലിസിസ് നടത്താതെയുമാണ് ക്യാബിനറ്റ് പരിഗണിച്ചതെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടപ്രകാരം ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് അവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ